ഉറപ്പായും ഡിസ്പോസ് ചെയ്യുന്നതിനുള്ള സിസ്റ്റമെന്താണ്, വാരാതെ Page 1 of 1 വാരിയെന്നു പറഞ്ഞാൽ പണം പോകില്ലേയെന്ന് ചോദിച്ചിരുന്നു. ഡിസ്ക്കഷൻ നടന്ന ഒരു സ്റ്റേജിൽ ഞാൻ ഒഫിഷ്യൽസിനോട് ചോദിച്ചതാണ്. അന്ന് അതിനൊരു കണ്ടീഷൻ അവർ പറഞ്ഞത് ഞാൻ ഓർക്കുന്നു, അതായത് ഒരു ക്യൂബിക് മീറ്ററിന് 485 രൂപയെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞല്ലോ. അത് എത്രയാണോ ടെണ്ടറനുസരിച്ച് വരുന്നത്, അത് വാരി അഞ്ചുദിവസം കരയിലിട്ടിട്ട് പഞ്ചായത്ത് പ്രസിഡന്റ് (അവിടത്തെ വാർഡ് മെമ്പറെങ്കിലും മിനിമം) പിന്നെ പബ്ലിക്കിന്റെ പ്രതിനിധി, ഫിർമയുടെ പ്രതിനിധി, കോസ്റ്റൽ ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ പ്രതിനിധി ഇങ്ങനെയുള്ളവർ നേരിട്ട് പോള ഉണങ്ങിയെന്ന് ഉത്തമബോദ്ധ്യത്തിന്റെ അടിസ്ഥാനത്തിൽ സർട്ടിഫൈ ചെയ്താൽമാത്രമേ ബില്ല് പേ ചെയ്യാൻ പാടുള്ളൂവെന്ന കണ്ടീഷൻകൂടി ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അന്ന് അവർ പറഞ്ഞിട്ടുള്ളതായി ഓർക്കുന്നു. രേഖകൾ മുഴുവൻ ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ കൈയിലുണ്ട്. ഏത് തരത്തിൽ വേണമെങ്കിലും അത്തരം കാര്യങ്ങൾ പരിശോധിക്കാവുന്നതേയുള്ളു. ഇതാണ് അതുസംബന്ധിച്ച് പറയാനുള്ളത്. വാരുന്നത് ഡിസ്പോസ് ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുന്നത് പബ്ലിക് പാർട്ടിസിപ്പേഷനും ലോക്കൽ ബോഡി പ്രതിനിധിക്കും ഫിർമയുടെ പ്രതിനിധിക്കും കോസ്റ്റൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രതിനിധിക്കും കൺവിൻസിംഗാകണമെന്നതുൾപ്പെടെ നിശ്ചയിച്ചിരുന്നതാണ്.

ശ്രീ. കെ. ബാബു: സർ, ഇപ്പോൾ പറയാനുള്ള കാര്യങ്ങൾ ഞാൻ പറഞ്ഞു. ഫിനാൻഷ്യൽ വിംഗിനെക്കൊണ്ട് അന്വേഷിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അവരുടെ റിപ്പോർട്ട് വരുമ്പോൾ സഭയുടെ മുമ്പിൽ വയ്ക്കുന്നതാണ്.

## റൂളിംഗ്

മി. സ്പീക്കർ: ശ്രീ. രാജു എബ്രഹാം ഇത് അവതരിപ്പിക്കുന്നതിന് മുമ്പുതന്നെ ഞാൻ സഭയിൽ ഒരുകാര്യം പറഞ്ഞിരുന്നു. അത് പൊതുവായി നമ്മളെല്ലാം അംഗീകരിക്കേണ്ട ഒരു കാര്യമാണ്. ഞാനത് ഒന്നുകൂടി വായിക്കുന്നു: "A member has to be careful while making an allegation, he has to satisfy himself that the source is reliable and allegation is based on facts. In effect he is required to make prima facie investigation into the matter before he writes to the Speaker or the Minister and more so before he speaks in the House."

### (2) സിവിൽ സപ്ലൈസ്, രജിസ്ട്രേഷൻ വകുപ്പുകളിൽ നടന്നതായി പറയപ്പെടുന്ന അഴിമതി സംബന്ധിച്ച്

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ഇവിടെ ശ്രീ. റ്റി. വി. രാജേഷ് എഴുതിത്തന്നതും ഉന്നയിച്ചിട്ടുള്ളതുമായ എല്ലാ ആരോപണങ്ങളും ഞാൻ നിഷേധിക്കുകയാണ്. ഇത് വളരെ നിർഭാഗ്യകരമാണ്. അദ്ദേഹം പറഞ്ഞതെല്ലാം കേട്ടുകേൾവിയെ അടിസ്ഥാനപ്പെടുത്തിയുള്ള കാര്യങ്ങളാണ്. കഴിഞ്ഞ കാലങ്ങളിലൊക്കെ അദ്ദേഹം വായിച്ചതും കേട്ടതുമായ കുറച്ച് കാര്യങ്ങളാണ് ഇവിടെ പ്രതിപാദിച്ചത്. ഇതിനകത്ത് ഏറ്റവും നിരാശാജനകമെന്നുപറയുന്നത് വായിൽ തോന്നിയത്

LIBRARY ARCHIVES Kerala Legislative Assembly